ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി) നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പഠനസമിതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഖാദിബോർഡ് ഈ റിപ്പോർട്ട് വിശദമായി പഠിച്ച് അവരുടെ ശുപാർശ സഹിതം സർക്കാരിന് സമർപ്പിച്ചിട്ടില്ല. ആയത് ലഭിക്കുമ്പോൾ നടപടി സ്വീകരിക്കുന്നതാണ്.

ശബരിമല വികസനം

23 [*107] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി എത്ര ഹെക്ടർ വനഭൂമിയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്രയും ഭൂമി മതിയാകുമോ;

(സി) ഇനിയും എത്ര ഹെക്ടർ വനഭൂമി കൂടി വേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) 2005 വർഷത്തിൽ ശബരിമല വികസനത്തിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ ഭൂമിയും പെരിയാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ 12.675 ഹെക്ടർ വനഭൂമിയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) തൽക്കാലം മതിയാകും.

(സി) ചോദ്യം ഉദിക്കുന്നില്ല.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടറൈസേഷൻ

24 [*108] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടു കൂടി ആധാരം എഴുത്തുകാർ തൊഴിൽ രഹിതരാകുമോ;

(ബി) എങ്കിൽ അവരെ സംരക്ഷിക്കാനുള്ള മറ്റ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ & ബി) കാലോചിതമായി രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നു. ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly